പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

28/02/2017 ൽ

നക്ഷത്ര ചിഹ്നമിടാത്ത

മറുപടിക്ക്

നിയമസഭാ ചോദ്യം നമ്പർ 567

## പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. നിയമനം

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനായി 2016 ജൂൺ 27 ൽ പുറത്തിറക്കിയ ഉത്തരവ് പ്രകാരം അപേക്ഷിക്കുന്നവരുടെ യോഗ്യത, പ്രായം എന്നിവ സംബന്ധിച്ച നിബന്ധന എന്തായിരുന്നുവെന്ന് അറിയിക്കുമോ; | എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ നടപടികളിലൂടെ നിയമിക്കുന്നതിൻെറ ഭാഗമായി 30-06-2016-ൽ നൽകിയ സർക്കാർ അനുമതി പ്രകാരം മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനായി സർക്കാർ അംഗീകരിച്ച യോഗ്യത, പ്രായം എന്നിവ സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത അപേക്ഷ പ്രകാരം റിയാബ് എത്ര പേരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്; അതിൽ എത്രപേർക്ക് നിയമനം നൽകി; | ബി) പത്രപ്പരസ്യം മുഖേന ലഭിച്ച അപേക്ഷകളിൽ നിന്നും 80 പേരെ ഇൻറർവ്യൂ ചെയ്യാൻ തെരഞ്ഞെടുക്കുകയും. ഇതിൽ നിന്നും 39 പേരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനായി ഇൻറർവ്യൂ കമ്മിറ്റി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 15 സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കുകയും ചെയ്തിരുന്നു. ഇതിൽ 11 പേർ ഇതുവരെ ചുമതലയെടുത്തിട്ടുണ്ട്. വിവരം അനുബന്ധമായി (2) ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| സി) | ഈ നിയമനത്തിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് നിയമനം നൽകിയെന്നും ഏതൊക്കെ സ്ഥാപനങ്ങളിലാണ് നിയമനം നൽകിയതെന്നും വ്യക്തമാക്കാമോ? | സി) | സർക്കാർ ഉത്തരവ് G.O. (Ms).No.100/2006/IND dated 07/10/2006 [Point No.5, Annexure-3] അനുസരിച്ച് മാനേജിംഗ് ഡയറക്ടർ മാരുടെ നിയമനത്തിൽ സംവരണ തത്വം ബാധകമാക്കിയിട്ടില്ല. |

Bindumol. K.N

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്